**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3920** **17-03-2025 - ൽ മറുപടിയ്ക്ക്**

**ആരോഗ്യ കുടുംബക്ഷേമ ഉപകേന്ദ്രങ്ങളുടെ ക്വാർട്ടേഴ്സുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ആരോഗ്യ കുടുംബക്ഷേമ ഉപകേന്ദ്രങ്ങളുടെ ക്വാർട്ടേഴ്സുകൾ ആരോഗ്യ വകുപ്പിന് കീഴിലാണോ പൊതുമരാമത്ത് വകുപ്പിന് കീഴിലാണോ സംരക്ഷിച്ച് വരുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | ആരോഗ്യ കുടുംബക്ഷേമ ഉപകേന്ദ്രങ്ങളുടെ കെട്ടിടങ്ങൾ ബന്ധപ്പെട്ട തദ്ദേശ ഭരണ സ്ഥാപനത്തിന്റെ നേതൃത്വത്തിലാണ് സംരക്ഷിച്ച് വരുന്നത് |
| (ബി) | ആരോഗ്യ കുടുംബക്ഷേമ കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾക്കായി പ്രസ്തുത ക്വാർട്ടേഴ്സുകൾ ഏറ്റെടുക്കണമെന്ന് ആരോഗ്യ വകുപ്പ് തീരുമാനിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (ബി) | ആരോഗ്യ കുടുംബക്ഷേമ ഉപകേന്ദ്രങ്ങളെ സർക്കാർ ജനകീയ ആരോഗ്യ കേന്ദ്രങ്ങളായി പരിവർത്തനം ചെയ്തിരിക്കുന്നു. ജനകീയ ആരോഗ്യ കേന്ദ്രങ്ങളായപ്പോൾ പ്രവർത്തനത്തിലും മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട്. ദേശീയ ആരോഗ്യ ദൗത്യത്തിലൂടെ ലഭ്യമാകുന്ന 7 ലക്ഷം രൂപ വിനിയോഗിച്ച് ജനകീയ ആരോഗ്യ കേന്ദ്രത്തിൽ വെൽനസ് മുറി, ജീവനക്കാർക്കുള്ള ഓഫീസ് സൗകര്യം, കുത്തിവയ്പ്പ് മുറി, ജനകീയ ആരോഗ്യ കേന്ദ്രങ്ങളിൽ എത്തുന്നവർക്കുള്ള കാത്തിരിപ്പ് സൗകര്യം അടക്കമുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തിയാണ് ജനകീയ ആരോഗ്യ കേന്ദ്രമായി പരിവർത്തനം ചെയ്യുന്നത്. ഇതിന്റെ ഭാഗമായി ചില സ്ഥലങ്ങളിൽ അവിടെ ഉണ്ടായിരുന്ന ക്വാർട്ടേഴ്സ് ഏറ്റെടുത്തിട്ടുണ്ട്. നിലവിൽ ക്വാർട്ടേഴ്സ് അനുവദിച്ചിരിക്കുന്ന ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും HRA കുറവ് ചെയ്യുന്നുണ്ട്. ജനകീയ ആരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾക്ക് ക്വാർട്ടേഴ്സ് ഏറ്റെടുത്ത സ്ഥലങ്ങളിൽ ജീവനക്കാർക്ക് HRA അനുവദിച്ച് നൽകുന്നത് സംബന്ധിച്ച് വകുപ്പ് തലത്തിൽ പരിശോധിച്ച് നടപടിയെടുക്കും. |
| (സി) | പ്രസ്തുത ക്വാർട്ടേഴ്സുകൾ അനുവദിക്കപ്പെട്ടിട്ടുള്ള ജീവനക്കാരുടെ ശമ്പളത്തിൽ നിന്ന് എച്ച്.ആർ.എ. കുറവ് ചെയ്യുന്നുണ്ടോയെന്ന് അറിയിക്കാമോ; | (സി) | ഉത്തരം (ബി) പിരിവിൽ ചേർത്തിരിക്കുന്നു |
| (ഡി) | ക്വാർട്ടേഴ്സുകൾ ഏറ്റെടുക്കുകയാണെങ്കിൽ അവ അനുവദിച്ചിട്ടുള്ള ജീവനക്കാരുടെ എച്ച്.ആർ.എ. | (ഡി) | ഉത്തരം (ബി) പിരിവിൽ ചേർത്തിരിക്കുന്നു |

| | | | |
|---|---|---|---|
| | മുൻകാല പ്രാബല്യത്തോടെ പുനസ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ; | | |
| (ഇ) | ക്വാർട്ടേഴ്സുകൾ ഏറ്റെടുക്കുന്ന കാര്യത്തിലും അവ അനുവദിച്ച് കിട്ടിയിരുന്ന ജീവനക്കാരുടെ എച്ച്.ആർ.എ. പുനസ്ഥാപിച്ച് നൽകുന്ന കാര്യത്തിലും വ്യക്തമായ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ഇ) | ഉത്തരം (ബി) പിരിവിൽ ചേർത്തിരിക്കുന്നു |

സെക്ഷൻ ഓഫീസർ